# വീണ വാദന ശാസ്ത്രജ്ഞ

# ശ്രീമതി എസ് .രുഗ്മിണി ഗോപാല കൃഷ്ണൻ

“ഗായക ശിഖാമണി ഹരികേശനല്ലൂർ Dr. എൽ. മുത്തയ്യഭാഗവതർ” അവറുകളുടെ ചെറുമകളും, “ഗായകരത്നം” ശ്രീ. നെല്ലയ് T. v കൃഷ്ണമൂർത്തിയുടെ അനന്തരവളും ആയ (സഹോദരി പുത്രി) ശ്രീമതി. രുഗ്മിണി ഗോപാലകൃഷ്ണൻ, പി.വി ശ്രീനിവാസ അയ്യർ ,പി. വി ലക്ഷ്മി അമ്മാൾ എന്നിവരുടെ രണ്ടാമത്തെ മകളായി തിരുനെൽവേലി (നെല്ലായി മാവട്ടം) 1936 ഓഗസ്റ്റ് 24-)o തിയതി ജനിച്ചു.

5-)o മത്തെ വയസ്സിൽ അമ്മാവനായ ശ്രീ നെല്ലയ് കൃഷ്ണമൂർത്തിയിൽ നിന്നും സംഗീതം അഭ്യസിക്കുകയും , 1949 -ൽ സ്വാതി തിരുനാൾ സംഗീത അക്കാഡമിയിൽ വായ്പ്പാട്ട് ഗാനഭൂഷണം പഠിച്ചുകൊണ്ടിരിക്കെ രണ്ടാം കൊല്ലം പബ്ലിക് എക്സാമിനേഷനിൽ സബ്സിഡറി വീണ പരീക്ഷയിൽ , ”മന്ദര ധാരരെ” എന്ന കാംബോജി ഗീതം വായിച്ച് രാഗ ഭാവം പ്രകടിപ്പിച്ച കച്ചേരിയിൽ എന്ന പോലെ

പ്രാവീണ്യം തെളിയിച്ചു. അതിൽ സന്തുഷ്ടനായ ശ്രീ. മുശിരി സുബ്രഹ്മണ്യയ്യർ അന്നത്തെ പ്രിൻസിപ്പലായ ശ്രീ. ശെമ്മാങ്കുടി ശ്രീനിവാസ അയ്യരോട് "ഈ കുട്ടി വലിയ ഒരു വീണ വിദൂഷി ആയി വരുന്നതിനുള്ള പ്രാവീണ്യവും, അർപ്പണ മനോഭാവവും ഉണ്ട് അത് കൊണ്ട് ഡബിൾ പ്രൊമോഷൻ നൽകി അഞ്ചാം വർഷം വീണ മെയിൻ ലേക് മാറ്റണം എന്ന് ശുപാർശ ചെയ്തു. പ്രസ്തുത കലാശാലയിൽ ഇത്തരത്തിലൊരു അംഗീകാരം ലഭിച്ച ഏക വിദ്യാർത്ഥിനി ശ്രീമതി. രുഗ്മിണി ഗോപാലകൃഷ്ണൻ ആണ്.

ഒരു ദിവസത്തിൽ കുറഞ്ഞത് 18 മണിക്കൂർ എങ്കിലും വരിശകളും മറ്റു പാഠങ്ങളും പരിശീലിച്ചിരുന്നു. 1954 ഇന്ത്യയിൽ ആദ്യമായി ആകാശവാണി നടത്തിയ മത്സരത്തിൽ വിജയം നേടുകയും ഇന്ത്യയുടെ ആദ്യത്തെ പ്രസിഡന്റ് ആയ ശ്രീ. രാജേന്ദ്ര പ്രസാദ് ജി. അവറുകളുടെ പക്കൽ നിന്നും അവാർഡ് കരസ്ഥമാക്കുകയും ചെയ്തു .

1954-ൽ ആദ്യത്തെ കൾച്ചറൽ സ്കോളർഷിപ് വിദ്യാർത്ഥിനി ആയി, പത്മഭൂഷൻ ശ്രീ

. കെ .എസ് നാരായണ സ്വാമി അയ്യരുടെ കീഴിൽ ഉപരി പഠനം തുടരാനുള്ള ഭാഗ്യം ലഭിച്ചു. ചെന്നൈയിൽ വച്ച് നടന്ന ഈ സ്കോളർഷിപ് മത്സരത്തിന് ശ്രീ. ശെമ്മാങ്കുടി ശ്രീനിവാസ അയ്യരുടെ കൂടെ ആണ് ശ്രീമതി. രുഗ്മിണി പോയത്. ഈ വേളയിൽ ശ്രീമതി. രുഗ്മിണിക്കു അനുഗ്രഹിക്കപ്പെട്ട മറ്റൊരു അവിസ്മരണീയ സൗഭാഗ്യം ഉണ്ടായി. ശ്രീ ശെമ്മാങ്കുടി ശ്രീനിവാസ അയ്യർക്ക് അനേകം കച്ചേരികൾ ഉണ്ടായിരുന്നതുകൊണ്ട് ശ്രീമതി. രുഗ്മിണി ടീച്ചറെ, “ഇന്ത്യയുടെ ഗാനകോകിലം” എന്ന് വിശേഷിപ്പിക്കുന്ന ശ്രീമതി. എം. എസ്. സുബ്ബലക്ഷ്മി അവറുകളുടെ ഗൃഹത്തിൽ പത്ത് ദിവസം താമസിപ്പിച്ചു. തോടി, ഭൈരവി, കാംബോജി എന്നിങ്ങനെ രാഗാലാപനയും സാധകം ചെയ്യുന്ന രീതിയും എല്ലാം ശ്രവിച്ച ശ്രീമതി. എം. എസ് സുബ്ബലക്ഷ്മി, രുഗ്മിണിയെ അതീവ സന്തോഷത്തോടെ അനുഗ്രഹിക്കുകയും “ഭജഗോവിന്ദം” എന്ന കൃതി ആലപിച്ച് അഭ്യസിപ്പിക്കുകയും ചെയ്തു. ആ ദിനങ്ങൾ

അവിസ്മരണീയമായ അനുഗ്രഹമാണ് എന്ന് രുഗ്മിണി ടീച്ചർ പറയാറുണ്ട്.

18-)മത്തെ വയസ്സിൽ ശ്രീ. സ്വാതി തിരുനാൾ സംഗീത കലശാലയിൽ അധ്യാപികയായി നിയമനം ലഭിച്ചു. അതെ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ ആയും, വകുപ്പ് മേധാവിയായും സേവനം അനുഷ്ടിച്ചു. ശ്രീമതി രുഗ്മിണി ടീച്ചർ ആദ്യമായി കച്ചേരി ചെയ്തത് 'തമിഴ് സംഗം' ഡൽഹിയിലാണ്. പ്രസ്തുത കച്ചേരിയിൽ മനോധർമ സംഗീതത്തിലുള്ള മികവ് തെളിയിക്കുകയും അനേകം സഭകളിൽ ക്ഷണിക്കപ്പെടുകയും ചെയ്തു. ചെന്നൈ മ്യൂസിക് അക്കാഡമിയിൽ, ഡിസംബർ സീസൺ വൈകുന്നേരത്തെ കച്ചേരിയിൽ ക്ഷണിക്കപ്പെടുകയും അനിതര സാധാരണമായി താനം വായിച്ചതിനു "താനറാണി" എന്ന പട്ടം നൽകുകയും ചെയ്തു. അക്കാലത്തെ പ്രഗത്ഭരായ സംഗീതജ്ഞർ ശ്രീ. മുശിരി സുബ്രമണ്യ അയ്യർ, ശ്രീ. മഹാരാജപുരം വിശ്വനാഥ അയ്യർ തുടങ്ങിയവർ ടീച്ചറുടെ, വിവിധ രാഗങ്ങൾ ആലപിക്കുന്നതിലുള്ള മികവിനെയും

അനായാസേന വിവിധ രാഗങ്ങളിൽ താനം വായിക്കുന്നതിനെയും പ്രശംസിക്കുകയും ആശിർ വദിക്കുകയും ചെയ്തിട്ടുണ്ട്. ALL INDIA RADIO (AIR) തിരുവനന്തപുരം ലോക്കൽ ഓഡിഷൻ ചെയർ പേഴ്സൺ ആയും, M.A.B.A ന്യൂഡൽഹി ബോർഡ് മെമ്പറായും സേവനം അനുഷ്ഠിച്ചു. കോളേജ് അദ്ധ്യാപകർക്കായി കാര്യവട്ടം യൂണിവേഴ്സിറ്റി തിരുവനന്തപുരത്തിൽ നടത്തിയ റിഫ്രഷർ കോഴ്സിൽ റിസോഴ്സ് പേഴ്സൺ ആയും "സാധന" അധ്യാപകർക്കുള്ള ക്ലാസ് എടുക്കുന്നതിനായി R.L.V കോളേജ് തൃപ്പുണിത്തുറ, തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളേജ്, ചെമ്പൈ മെമ്മോറിയൽ കോളേജ് പാലക്കാട് എന്നിവിടങ്ങളിൽ അനേകം പ്രാവശ്യം ക്ഷണിക്കപ്പെട്ടു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ BOARD OF STUDIES മെമ്പറായി നിയമിക്കപ്പെട്ടിട്ടുണ്ട്.

**<u>ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ:-</u>**

1. ഇന്ത്യാസ് ഫസ്റ്റ് പ്രസിഡന്റ അവാർഡ് 1954.

2. ചെമ്പൈ മെമ്മോറിയൽ സഭ അവാർഡ്. -2000.
3. കെ. എസ്. നാരായണസ്വാമി സംഗീത രത്ന അവാർഡ് -2001.
4. ആദിശങ്കരവേദ വേദാന്ത സംസ്കൃത കോ - ഓപ്പറേഷൻ എഡ്യൂക്കേഷൻ സൊസൈറ്റി അവാർഡ് -2006.
5. ഗുരു പൂജ അവാർഡ് 2008.
6. കേരള സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ് കലാരത്ന അവാർഡ് 2015.
7. വീണാവാദന ശാസ്ത്രജ്ഞന്യ - ഡൽഹി- 2013.
8. ശ്രീ പദ്മഭൂഷൺ, കെ.എസ് നാരായണ സ്വാമി അവർകൾ അവാർഡ് - ഷണ്മുഖാനന്ദ മുംബൈ 2022.
9. സംഗീതരത്ന അവാർഡ് - പദ്മഭൂഷൺ കെ.എസ് നാരായണസ്വാമി അവർകൾ - തിരുവനന്തപുരം -2023.

തിരുവനന്തപുരം "ഭാഷാ ഇന്സ്ടിട്യൂട്ടിലുടെ", "വീണബോധിനി (അനേകം

വർണ്ണങ്ങളും കൃതികളും സ്വരപ്പെടുത്തിയത്) പ്രസിദ്ധീകരിച്ചു.

- ഒന്നാം വോളിയം - വർണ്ണ മാലിക,44 വർണങ്ങൾ
- രണ്ടാം വോളിയം -50 കീർത്തനങ്ങൾ (അർത്ഥവും )
- മൂന്നാം വോളിയം -50 കീർത്തനങ്ങൾ, അതിൽ പഞ്ചരത്ന കൃതികൾ, നവഗ്രഹ കൃതികൾ .
- നാലാം വോളിയം -70 കീർത്തനങ്ങൾ, അതിൽ അരുണാചല കവിരായർ മുതലായവരുടെ തമിഴ് കൃതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

2014-ൽ “പത്മഭൂഷൺ സംഗീതകാലനിധി ശ്രീ. കെ. എസ് നാരായണസ്വാമി” അവറുകളുടെ പിറന്നാളോട് അനുബന്ധിച്ചു വീണ സംഗീത സംഗ്, "കെ എസ് നാരായണ സ്വാമി സംഗീത രത്ന പുരസ്കാരം" നൽകി ആദരിച്ചു. 2015-ൽ “കലാര്തന അവാർഡ്” (ഫെല്ലോഷിപ്) നൽകി കേരളസംഗീത നാടക അക്കാഡമിയാൽ ആദരിക്കപ്പെട്ടു.

ശ്രീ. ചിത്തിര തിരുനാൾ നാട്യ കലാകേന്ദ്രം പ്രസിദ്ധീകരിക്കുന്ന സോവനീറുകളിൽ തുടർച്ചയായി നവവിധ ഭക്തി, ഗുരു പ്രണാമം, ഗുരു ശിഷ്യ ബന്ധം, അധ്യാപനവൃത്തി, സംഗീതവും നവഗ്രഹവും, ശ്രേഷ്ഠനായ ഗുരുവര്യൻ, ഗമകങ്ങൾ, പുരന്ദരദാസർ കൃതികൾ എന്നിങ്ങനെ അനേകം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ വൈണിക വിദ്വാൻ സംഗീത കലാനിധി പത്മഭൂഷൻ ശ്രീ. കെ.എസ് നാരായണസ്വാമി അയ്യർ, നവവിധ ഭക്തി, ത്യാഗരാജ കീർത്തനങ്ങൾ, സംഗീതത്തിന്റെ അഭൗമമായ ശക്തി, സംഗീത ദേവതയായ സരസ്വതിദേവി, സംഗീത കല ഒരു തപസ്യ, സംഗീതം രാഷ്ട്രത്തിന്റെ അക്ഷയമായ മൂലധനമാണ്, ശ്രീ. അന്നമാചാര്യ, ഭക്തിയിൽ ഏതാണ് ശ്രേഷ്ഠം, സംഗീതവും നവഗ്രഹവും,വീണ വായിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ശ്രീ. നാമദേവൻ എന്നി ലേഖനങ്ങളും വിവിധ സോവനീറുകളിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ന്യൂഡൽഹി, “കൊൽക്കത്ത രസിക രഞ്ജനി സഭ”, “സരസ്വതി ഹാൾ” ചെന്നൈ, “നാരദ ഗാന സഭ” ചെന്നൈ, “ആരാധന സഭ” തിരുവനന്തപുരം, “സ്വാതി തിരുനാൾ സംഗീത സഭ” തിരുവനന്തപുരം, “സംഗീത സഭ” പാലക്കാട് കൂടാതെ നവരാത്രി കാലത്തിലും ഉത്സവ കാലത്തിലും വിവിധ ക്ഷേത്രങ്ങളിൽ കച്ചേരിയും ചെയ്തിട്ടുണ്ട് .

ബാംഗ്ളൂരിൽ വച്ച് നടന്ന ശ്രീ. ശ്രീ. രവിശങ്കർ അവറുകളുടെ “ആർട്ട് ഓഫ് ലിവിങ്” സിൽവർ ജൂബിലി ആഘോഷത്തിൽ 3800 -ൽ പരം വൈണികർ പങ്കെടുത്ത സിംഫണിയിൽ കേരളത്തിൽ നിന്നും മുൻ നിരയിൽ സ്ഥാനം നൽകി ആദരിക്കപ്പെട്ട വൈണികയാണ് ശ്രീമതി. രുഗ്മിണി ടീച്ചർ. അതേപോലെ 2006 -ൽ നവംബർ 28 മുതൽ ഡിസംബർ 1 വരെ ജവാഹർലാൽ നെഹ്റു സ്റ്റേഡിയം എറണാകുളത്തിൽ നടന്ന "പുനർ നവ" സിൽവർ ജൂബിലി ആഘോഷത്തിൽ 250 ഓളം വൈണികർ പങ്കെടുത്ത സിംഫണിയിൽ മേധാവിത്വം വഹിക്കുകയും, ശ്രീ. ശ്രീ. രവിശങ്കർ അവറുകൾ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

തിരുവനന്തപുരം ദൂരദർശൻ ആരംഭിച് ആദ്യത്തെ വീണ കച്ചേരി അവതരിപ്പിച്ചത് രുഗ്മിണി ടീച്ചർ ആണ്. ആകാശവാണി തിരുവനന്തപുരത്തിൽ 70 വർഷത്തോളം "രാഗം താനം പല്ലവി, നാഷണൽ പ്രോഗ്രാം കൂടാതെ അനേകം സംഗീത കച്ചേരികളും ചെയ്തു വരുന്നു. ദൂരദർശൻ കേന്ദ്ര തിരുവന്തപുരത്തിലും ചെന്നൈയിലും നാഷണൽ പ്രോഗ്രാം അവതരിപ്പിച്ചിട്ടുണ്ട്.

അമൃത ടി. വി യിൽ ശ്രീ. അജിത് നമ്പൂതിരി നടത്തിയിരുന്ന "ശ്രുതിലയം" എന്ന പരിപാടിയും, ശ്രീ. കൃഷ്ണചന്ദ്രൻ നടത്തിയ "മുത്തയ്യ ഭാഗവതർ ജന്മ ദിന സ്മരണ" എന്ന പരിപാടിയിൽ ശ്രീമതി. രുഗ്മിണി ടീച്ചറോടൊപ്പം, ശ്രീമതി. Dr. കെ. ജയലക്ഷ്മിയും, ശ്രീമതി. സരസ്വതി ശങ്കറും മുത്തയ്യ ഭാഗവതരെ കുറിച്ച് സംസാരിക്കുകയും കീർത്തനങ്ങൾ ആലപിക്കുകയും ചെയ്തു. കൈരളി ടി. വി. യിൽ "രാഗോത്സവം" എന്ന പരിപാടിയിലും നിരവധി എപ്പിസോഡുകളിൽ രാഗവും താനവും അവതരിപ്പിച്ചിട്ടുണ്ട്. സൂര്യ ടി. വി. യിൽ "സ്വര സുധ" എന്ന പരിപാടിയിൽ കച്ചേരി അവതരിപ്പിച്ചു. "മാനവീയം" കേരള

ഗവൺമെന്റ് തിരുവനന്തപുരത്തു വച്ച് നടത്തിയ പരിപാടിയിലും കച്ചേരി ചെയ്തു. പത്മനാഭ സ്വാമി ക്ഷേത്രത്തിൽ “സ്വാതി നാടക ശാലയിൽ” കച്ചേരി അവതരിപ്പിച്ചു.

തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളേജ്, ചെമ്പൈ മെമ്മോറിയൽ സംഗീത കോളേജ് പാലക്കാട് എന്നിവിടങ്ങളിൽ 35 വർഷത്തെ സേവനത്തിനു ശേഷം ചെമ്പൈ മെമ്മോറിയൽ സംഗീത കോളേജിൽ നിന്നും, ഭർത്താവിന്റെ ആരോഗ്യ പ്രശ്നത്താൽ സ്വമേധയാ റിട്ടയർമെന്റ് ചെയ്ത് വിരമിച്ചു.

2001-ൽ ആദ്യത്തെ സ്വരലയ യോഗത്തിൽ അവാർഡ് കമ്മിറ്റിയിൽ ശ്രീ. ഓ. എൻ. വി. കുറുപ്പ്, ശ്രീ. രാജ് മോഹൻ എന്നിവരോടൊപ്പം ‘സംഗീത വിദഗ്ധ’ (ജൂറി മെമ്പർ) എന്ന പ്രധാന പങ്ക് വഹിക്കുകയും ഭാവ ഗായകനായ ശ്രീ. പി. ജയചന്ദ്രൻ എന്ന പിന്നണി ഗായകന് പ്രസ്സ് ക്ലബ്ബിൽ അവാർഡ് പ്രഖ്യാപിക്കുകയും ചെയ്തു.

**<u>ശിഷ്യ സമ്പത്ത് :-</u>**

സുപ്രസിദ്ധ കവയത്രി ശ്രീമതി. സുഗത കുമാരി, പി. ലക്ഷ്മി (retd . പ്രിൻസിപ്പൽ RLV കോളേജ് ), എസ്. ബാലമ്പാൾ (retd . പ്രിൻസിപ്പൽ S.S.T.C), ശ്രീമതി. ജയലക്ഷ്മി ശ്രീനിവാസൻ (retd പ്രോഫ്ഫസർ S.S.T.C), ശ്രീമതി. സന്ധ്യ ബി (റിസർവ് ബാങ്ക് ഓഫീസർ), ശ്രീമതി. Dr. റീത്തവിജയൻ സർജൻ, ശ്രീമതി. Dr. ജഗദാമ്പിക സൈക്കാട്രി , ശ്രീമതി. Dr. ബാല ശ്രീദേവി ഗൈനോക്കോളജിസ്റ്, ശ്രീമതി. ഗായത്രി (എൻജിനീയർ), Mr. Geets USA, Mr Tukkar USA, Mr. Nacha Spain, ശ്രീമതി. പ്രിയ ഹൗസ് വൈഫ്, ശ്രീമതി. ബിന്ദു ഡയറക്ടർ, ശ്രീമതി. കുമാരി M.B.B.S സ്റ്റുഡന്റ്, ശ്രീ. രാംകുമാർ റീജിണൽ മ്യൂസിക് മാനേജർ RED FM, ശ്രീമതി. പൂർണിമ അസിസ്റ്റന്റ് പ്രൊഡ്യൂസർ റേഡിയോ മംഗോ, ശ്രീമതി. നിഷ പൊന്നി ലെക്ചർ S.S.T.C, ശ്രീമതി. Dr. കെ ജയലക്ഷ്മി retd H.O.D ഓഫ് മ്യൂസിക് മഹാരാജാസ് കോളേജ്, ശ്രീമതി. സാരസ്വതി ശങ്കർ പ്ലേയ് ബാക് സിങ്ങർ, ശ്രീമതി. ജെസ്സി ജോർജ് വീണ പ്രൊഫസർ S.S.T.C, ശ്രീമതി. ചിത്ര എറണാകുളം, ശ്രീമതി. ഡി

ജി പി സന്ധ്യ, ശ്രീ. അരുൺകൃഷ്ണൻ പ്രൊഫസർ കലാമണ്ഡലം.

88-)മത്തെ വയസ്സിലും എന്റെ ഗുരു നാഥാ രുഗ്മിണി ടീച്ചർ കച്ചേരികൾ ചെയ്യുകയും, പുതിയ കൃതികൾ പഠിച്ച് ഉത്സാഹത്തോടെ വിദ്യാർത്ഥി വിദ്യാർത്ഥിനികളെ പഠിപ്പിക്കുകയും ചെയ്തു വരുന്നു. ഒരു വിദ്യാർത്ഥിനി, അദ്ധ്യാപിക, ഭരണാധികാരി, സംഗീതത്തിന്റെ ശാസ്ത്ര വശങ്ങളെ കുറിച്ചുള്ള പ്രഭാഷണങ്ങൾ ചെയ്യുക എന്നിങ്ങനെ വിവിധ തലങ്ങളിൽ അർപ്പണ മനോഭാവത്തോടെ തിളങ്ങി നിൽക്കുന്ന, സരസ്വതി ദേവിയുടെ പൂർണ അനുഗ്രഹം ലഭിച്ച ഒരു വൈണികയാണ് രുഗ്മിണി ടീച്ചർ. "സംഗീതമേ ജീവിതം" എന്ന് പറയുന്നത് പോലെ "സംഗീതവും വീണയും മാത്രമാണ് എൻ്റെ ജീവിതം" എന്ന സപര്യ തുടരുന്ന എൻ്റെ ഗുരു നാഥയ്ക്ക് ആരോഗ്യവും അംഗീകാരങ്ങളും, ശിഷ്യ പരമ്പരയും തേടി എത്തട്ടെ എന്ന് സർവേശ്വരനോട് പ്രാർത്ഥിക്കുന്നു.